**പുതുതലമുറ ബാങ്കുകളെ നിയന്ത്രിക്കുന്നതിന് നടപടി**

47(3476) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറ ബാങ്കുകൾ വൻതോതിൽ വായ്പാ റീ-സ്ട്രക്ചറിംഗ് നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ-ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0- Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചിട്ടുണ്ട്. രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0-Resolution of Covid-19 related stress of Individual and Small Business പ്രകാരവും ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഈ ഇളവുകൾ പ്രകാരം വായ്പകൾക്ക് ആറുമാസം മുതൽ രണ്ടുവർഷം വരെ തിരിച്ചടവിന് സാവകാശം ലഭിക്കുന്ന തരത്തിൽ റീസ്ട്രക്ചറിംഗ് ചെയ്യുവാനുള്ള സംവിധാനം നിലവിലുണ്ട്. ഉപഭോക്താക്കളുടെ പ്രത്യേക അപേക്ഷ പ്രകാരമാണ് പൊതുവെ ബാങ്കുകൾ റീസ്ട്രക്ചറിംഗ് അനുവദിക്കുന്നത്.

(ബി) ഇതുമൂലം ഗ്രണഭോക്താക്കൾക്ക് വൻ പലിശബാധ്യത ഉണ്ടാകുന്നതിനാൽ ഇക്കാര്യത്തിൽ നിയന്ത്രണമേർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഉപഭോക്താക്കളുടെ പ്രത്യേക അപേക്ഷ പ്രകാരമാണ് പൊതുവെ ബാങ്കുകൾ റീസ്ട്രക്ചറിംഗ് അനുവദിക്കുന്നത്. കോവിഡ് പ്രതിസന്ധിമൂലം വായ്പാ തിരിച്ചടവിന് ബുദ്ധിമുട്ടുന്നവർക്ക് താൽകാലിക ആശ്വാസമെന്ന നിലയിൽ വായ്പ തിരിച്ചടവിന് സാവകാശം ലഭിക്കുന്നതിനും വായ്പകൾ നിഷ്ക്രിയ ആസ്തികളാകുന്നതിൽനിന്നും സംരക്ഷിക്കുന്നതിനുമായാണ് റിസർവ് ബാങ്ക് ഈ സംവിധാനം നിഷ്കർഷിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly